ജോലിയില്ലാത്തവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ജോലി ഉള്ള താരങ്ങൾക്ക് ഉയർന്ന ഗ്രേഡോ അഡ്വാൻസ് ഇൻക്രിമെന്റോ നൽകുന്നതാണ്.

(ബി&സി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2009 കലണ്ടർ വർഷം മുതൽ പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നത്. ഈ പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 5 വർഷങ്ങളിലെ 250 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ തുടർന്നുവരുന്നു.

ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

295 (301) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ആവശ്യാർത്ഥം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും സാധനസാമഗ്രികളോ സേവനങ്ങളോ വാങ്ങിയതിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ, സാധനസാമഗ്രികൾ, സേവനങ്ങൾ തുടങ്ങിയവയും അതിന് ചെലവായ തുകയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയ ഗെയിംസിനായുള്ള നിർമ്മാണ പ്രവർത്തനങ്ങളും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതും സേവനങ്ങൾ ലഭ്യമാക്കിയതും ടെൻഡർ നടപടികളിലൂടെയാണ്. കലാരംഗത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രമുഖർ നടത്തിയ കലാപരമായ സേവനങ്ങൾ ടെൻഡർ നടപടിക്രമങ്ങളിലൂടെ നിശ്ചയിക്കാൻ കഴിയുന്നതല്ല.

നാഷണൽ ഗെയിംസ് ചെലവുകൾ

296 (302) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസിന് എത്ര കോടി രൂപ കേന്ദ്രവിഹിതമായി ലഭിച്ചു ; കേരളത്തിന്റെ വിഹിതമായി എത്ര തുക ചെലവഴിച്ചു ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിന്റെ ഭാഗമായി എത്ര കോടി രൂപ ചെലവഴിച്ചു ; പുതിയതായി എത്ര സ്റ്റേഡിയങ്ങൾ പണികഴിപ്പിച്ചു; എത്ര കോടി രൂപ ചെലവഴിച്ചു ;

(സി) നാഷണൽ ഗെയിംസ് ഇനത്തിൽ ആകെ ലഭിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും ഇനം തിരിച്ച വിശദാംശം നൽകുമോ; ഉദ്ഘാടനച്ചടങ്ങിനു മാത്രമായി എത്ര കോടി രൂപ ചെലവഴിച്ചു; വിശദവിവരം നൽകുമോ;

(ഡി) ഉദ്ഘാടന, സമാപന ചടങ്ങുകളിൽ മന്ത്രിമാർക്കും, എം.എൽ.-മാർക്കും വേണ്ടത്ര പരിഗണന ലഭിച്ചില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവേശന പാസുകൾ പോലും അർഹിക്കുന്ന പ്രാധാന്യത്തോടെ നൽകിയില്ലെന്ന തരത്തിലുള്ള വാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ ;

(ഇ) ഉദ്ഘാടന, സമാപന ചടങ്ങുകളിൽ മന്ത്രിമാർക്കും, M.L.A-മാർക്കും വേണ്ടത്ര പരിഗണന ലഭിച്ചില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവേശന പാസുകൾ പോലും അർഹിക്കുന്ന പ്രാധാന്യത്തോടെ നൽകാതെ പരിഹസിയ്ക്കുന്ന തരത്തിലുള്ള വാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രവിഹിതമായി 121 കോടി രൂപ ലഭിച്ചു. ദേശീയ ഗെയിംസിനു വേണ്ടി കേന്ദ്ര സംസ്ഥാന വിഹിതമായി ആകെ അനുവദിച്ച 393.12 കോടി രൂപയിൽ, 367.54 കോടി രൂപ 28-2-2015 വരെ ചെലവഴിച്ചു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാന വിഹിതമായി അനുവദിച്ച 272.12 കോടി രൂപയിൽ 242.12 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു.

(ബി) സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 177.52 കോടി രൂപ .28-2-2015 വരെ ചെലവഴിച്ചു. പുതുതായി 9 സ്റ്റേഡിയങ്ങൾ പണി കഴിപ്പിച്ചു. ഇതിനായി 84.88 കോടി രൂപ ചെലവായി.

(സി) വരവു ചെലവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) ഹോസ്റ്റ് സിറ്റി കോൺടാക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് ഉദ്ഘാടന സമാപന ചടങ്ങുകളിലെ സീറ്റിംഗ് ക്രമീകരണങ്ങൾ നിശ്ചയിച്ചിരുന്നത്. പാസുവിതരണം സുതാര്യമായ തരത്തിൽ എല്ലാവിഭാഗങ്ങളിലുമുള്ളവർക്കും പ്രാതിനിധ്യം നൽകുന്ന തരത്തിലാണ് നടത്തിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly